പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളിലാണ് ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) സാമ്പത്തിക ക്രമക്കേടുകൾക്ക് പുറമെ നിർമ്മാണ പ്രവർത്തനങ്ങൾ, പദ്ധതിച്ചെലവ്, പദ്ധതി നടപ്പാക്കാനെടുത്ത സമയം എന്നിവയിലും ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(സി) പൊതുമേഖലയിൽ വിനോദ സഞ്ചാരരംഗത്ത് വേണ്ടത്ര പുരോഗതി ഉണ്ടാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

പട്ടികജാതി-പിന്നാക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ & ബി) 2008-2009 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയ 4 പദ്ധതികൾ ഇന്ത്യാ ടൂറിസം അസിസ്റ്റന്റ് ഡയറക്ടർ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാട്ടിയ 'ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് ഓഫ് കേരള കലാമണ്ഡലം ആസ് എ കൾച്ചറൽ ടൂറിസം ഡെസ്റ്റിനേഷൻ', 'ഡെവലപ്മെന്റ് ഓഫ് അഷ്ടമുടി ക്രൂസ് സർക്യൂട്ട് ' എന്നീ പദ്ധതികളെ സംബന്ധിച്ച പരാമർശങ്ങൾക്ക് വ്യക്തമായ മറുപടി നൽകിയിട്ടുള്ളതാണ്.

(സി) ഇല്ല.

ജൻ ഔഷധ സെന്ററുകൾ

11 (*71) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കാൻ കേരളത്തിൽ ജൻ ഔഷധ സെന്ററുകൾ ആരംഭിക്കുമെന്ന് കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് വകുപ്പ് മന്ത്രി എച്ച്. എൻ. അനന്തകുമാർ പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന സർക്കാർ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മരുന്നുകൾക്ക് 60% വരെ വിലക്കുറവ് ഉണ്ടാകുന്ന പ്രസ്തുത പദ്ധതി, ജില്ലാ, താലൂക്ക് ആശുപത്രികളിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കുവാൻ സംസ്ഥാനമൊട്ടാകെ 'ജൻ ഔഷധ സെന്ററുകൾ' ആരംഭിക്കുന്നുവെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചതിനെത്തുടർന്ന് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ഏജൻസിയായി പ്രഖ്യാപിക്കുന്നതിന് സപ്ലൈകോയും, കെ.എം.എസ്.സി.എൽ.-ഉം സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. നടത്തിപ്പ് ഏജൻസിയെ തീരുമാനിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ആയുർവേദ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ പ്രസവശുശ്രൂഷാ പരിശീലനം

12 (*72) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ നിലവിലുണ്ടായിരുന്ന പ്രസവ ശുശ്രൂഷാ പരിശീലന സൗകര്യം നിഷേധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) എല്ലാ വിഭാഗങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് നടപ്പാക്കിയ ഹോളിസ്റ്റിക് കാഴ്ചപ്പാട് ലോകം മുഴുവൻ സ്വീകരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതിനു വിരുദ്ധമായ തീരുമാനമുണ്ടായിട്ടുണ്ടെങ്കിൽ അത് പുനഃപരിശോധിക്കുമോ ;

(സി) വൈദ്യ ശുശ്രൂഷാരംഗത്തെ എല്ലാ വിഭാഗങ്ങളെയും കൂട്ടിയിണക്കുന്നതിനും ഓരോ വിഭാഗത്തിന്റെയും പ്രയോഗക്ഷമത ഉറപ്പുവരുത്താനുമുള്ള ഗവേഷണ നിരീക്ഷണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly